കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂയപ്പള്ളി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2018-19

**കേരള സംസ്ഥാന ഓഡിറ്റ്**

**സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം**
**കൊല്ലം ജില്ല**

e-mail:dokl.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി6.308/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

തീയതി.19.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത്

സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ**

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.കെ.എൽ.എം.പി.6/308/2020, തിയതി: 19.03.2020

**<u>കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.18 മുതൽ 31.12.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.18 മുതൽ 31.08.19തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ സൈമൺ | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20.12.19 മുതൽ 04.01.19 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി. ജി സിന്ധു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ. മനു കെ നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. അമ്പിളി ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. അനു കെ ആനന്ദ് | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.എസ്.എം ഹംസറാവുത്തർ | 01.04.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | : | ശ്രീ. അനൂപ് കുമാർ വി. | 01.04.18 മുതൽ 31.03.19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീ.ബിനു പി എൽ | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | ശ്രീമതി. ശശികല എസ് കെ | 01.04.18 മുതൽ 31.03.19 വരെ |
| | | ശ്രീ.ശ്രീജിത്ത് | 01.04.18 മുതൽ 24.10.18 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | | ഡോ.വിപിൻ എ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | | ഡോ.രമ്യ ആർ എസ് | 01.04.18 മുതൽ 21.06.18 വരെ |
| | | ഡോ.മിനി കുമാരി പി | 22.06.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.ഷൈനി എസ് | 01.04.18 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.പുഷ്പ ജോസഫ് | 01.04.18 മുതൽ 19.08.18 വരെ |
| | | ശ്രീമതി.ധന്യ എം എസ് | 20.08.18 മുതൽ 14.02.19 വരെ |
| | | ശ്രീമതി. ലാലി സി | 15.02.19 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജൻ | | ഡോ.അപ്സര റ്റി | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.അനുപമ പി ആർ | 01.04.18 മുതൽ 31.03.19 വരെ |
| എച്ച്.എം | | ശ്രീമതി.ബീന | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീമതി. ശശികല എസ് കെ | 01.04.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | വാടക ഈടാക്കിയിട്ടില്ല | 1-12 |
| 13 | പാലിന് സബ്സിഡി- പാലളവില്ലം കൂടുതൽ തുക സബ്സിഡി നൽകി | 1-13 |

| | | |
|---|---|---|
| 14 | ആയുഷ് പി. എച്ച്. സിയിലെ പി.റ്റി. എസ്സിന് അധിക വേതനം നൽകി | 1-14 |
| 15 | കന്നുകുട്ടി പരിപാലനം - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-15 |
| 16 | തുക നൽകിയിട്ടും രസീതുകൾ പൂർണ്ണമായും ലഭ്യമാകുന്നില്ല. | 1-16 |
| 17 | ഗ്രാമകേന്ദ്രം | 1-17 |
| 18 | തെരുവുവിളക്കുകൾ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും കറണ്ട് ചാർജ്ജ് നൽകുന്നു. | 1-18 |
| 19 | ഭവനപുനരുദ്ധാരണം - അഡ്വാൻസ് കൈപ്പറ്റിയിട്ട് വീടു മെയിന്റനൻസ് നടത്തിയിട്ടില്ല | 1-19 |
| 20 | ദുരിതാശ്വാസനിധിയിലേക്ക് തുക ഒടുക്കാനായി സറണ്ടർ ചെയ്തെങ്കിലും മുഴുവൻ തുകയും ഒടുക്കിയിട്ടില്ല | 1-20 |
| 21 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടക | 1-21 |
| 22 | അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി - ടെണ്ടർ ക്ഷണിച്ചപ്പോൾ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയില്ല. | 1-22 |
| 23 | ഔഷധിയിൽ നിന്നും എക്സ്പയറി കഴിഞ്ഞ മരുന്ന് ലഭിച്ചു-5358/-രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 24 | കുടിവെള്ള പൈപ്പ് ലൈൻ കണക്ഷനും,സ്ട്രീറ്റ് മെയിൻ വലിക്കൽ പ്രോജക്റ്റുകളിൽ വിശദമായ എസ്റ്റിമേറ്റ്, വിനിയോഗ്യ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല – 716449/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു | 1-24 |
| 25 | പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നും, ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-25 |
| 26 | കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി-43250/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. | 1-26 |
| 27 | തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ-2774/- രൂപ നിരാകരിക്കുന്നു | 1-27 |
| 28 | മിനിമാസ് എൽഇഡി ലൈറ്റ് സ്ഥാപിക്കൽ -കേടായ ലൈറ്റുകൾ വാറന്റി പിരിഡിൽ മാറ്റി സ്ഥാപിക്കുന്നില്ല. | 1-28 |
| 29 | ടാറിംഗ് പ്രവൃത്തികൾ – കാലിബാരൽ വില ഈടാക്കിയിട്ടില്ല | 1-29 |
| 30 | ഉറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിന് അംഗീകൃത നിരക്ക് നിലനിൽക്കെ അധികനിരക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തി | 1-30 |
| | ഭാഗം 2 | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 31 | ടാറിംഗ് പ്രവൃത്തികൾ – കാലിബാരൽ വില ഈടാക്കിയിട്ടില്ല | 3-1 |
| 32 | ഉറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിന് അംഗീകൃത നിരക്ക് നിലനിൽക്കെ അധികനിരക്കുള്ള ഇനങ്ങൾ ഇൾപ്പെടുത്തി | 3-2 |
| 33 | പാലിന് സബ്സിഡി- പാലളവിലും കൂടുതൽ തുക സബ്സിഡി നൽകി | 3-3 |
| 34 | തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ-2774/- രൂപ നിരാകരിക്കുന്നു | 3-4 |
| | ഭാഗം 4 | |
| | | |

| | | |
|---|---|---|
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 35 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപം | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1 |
| 47 | അനുബന്ധപത്രികകൾ | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

17.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 11.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6346556.52 |
| വരവ് | 81089408 |
| ആകെ | 87435964.52 |
| ചെലവ് | 69535981 |
| നീക്കിയിരിപ്പ് | 17899983.52 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 15777000 | 15777000 | 15268161 | 508839 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 8098000 | 8098000 | 8023000 | 75000 |
| മെയിന്റനൻസ് -റോഡ് (ACR പ്രകാരം) | | 6594000 | 6594000 | 6278881 | 315119 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) CFC | | 9243093 | 9243093 | 7569015 | 1674073 |
| ദുരിതാശ്വാസനിധി | 1471 | 0 | 1471 | 0 | 1471 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | 539700 | 683925 | 1223625 | 524508 | 699117 |
| റ്റി.എസ്.സി | 675400 | 687000 | 1362400 | - | 1362400 |
| തൊഴിലുറപ്പ് ഭരണചെലവ് | 868 | 564281 | 565149 | 518776 | 46373 |
| തൊഴിലാളികളുടെ കൂലി | | 28117000 | 28117000 | 28117000 | - |
| ബിഫണ്ട് | | 256560 | 256560 | 256560 | 0 |
| വിമുക്തി | 37500 | 25000 | 62500 | 38260 | 24240 |
| ലൈബ്രറിഗ്രാൻറ് | | 13610 | 13610 | 0 | 13610 |
| ശുചിത്വമിഷൻ | 290984 | 798450 | 1089434 | 160000 | 929434 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 200000 | 2714038 | 2914038 | 2614038 | 300000 |
| | ജില്ലാ പഞ്ചായത്ത് | 0 | 222897 | 222897 | 172897 | 50000 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3352596.52 | 24739078 | 28091674.52 | 20568045 | 7523629.52 |
| | ട്രഷറി അക്കൗണ്ട് | 1248037 | 9852585 | 1110622 | 4150913 | 6949709 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 85394288 | 167 | 51372892 | ഇല്ല | 38 | 81% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| തൊഴിലുറപ്പ് ഭരണചെലവ് | 868 | 564281 | 565149 | 518776 | 46373 |
| തൊഴിലാളികളുടെ കൂലി | | 28117000 | 28117000 | 28117000 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 136560 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 2284100 | 204 |
| വിധവാപെൻഷൻ | 12288400 | 1170 |
| വാർദ്ധക്യകാലപെൻഷൻ | 16922800 | 1892 |
| വികലാംഗപെൻഷൻ | 4545400 | 385 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | | |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 408000 | 39 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,047/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-9 അഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേമെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുവെങ്കിലും വാങ്ങലുകളിൽ പലപ്പോഴും ക്രമരഹിത നടപടിക്രമങ്ങൾ സ്വീകരിച്ചുകാണുന്നു. തെരുവുവിളക്കുകളുടെഎണ്ണം, തരം ഇവ കൃത്യമാക്കി രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തെരുവുവിളക്ക് പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആധികാരികത ഇല്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക് കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.20 | 12/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.18 – 11.09.18 | 2013-14 മുതൽ 2017-18 വരെ | 08.05.2019 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

- വിവിധയിനം ഫണ്ടുകളുടെ വിനിയോഗം AFS, ACR ഇവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിന്റെ വിവരം | AFS പ്രകാരം വരവ്(RP7) | ACR പ്രകാരം വരവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15196349 | 15268161 |
| വികസന ഫണ്ട് (P) | 7858000 | 8023000 |
| മെയിൻറനൻസ് ഫണ്ട് (റോഡ്) | 5978881 | 6278881 |
| മെയിൻറനൻസ് ഫണ്ട് (നോൺ റോഡ്) | 2786990 | 3392927 |
| ധനകാര്യകമ്മീഷൻ ഗ്രാൻറ് | 7322182 | 7569015 |

- ദുരിതാശ്വാസനിധി പലിശവരവ് AFS ൽ ഉൾപ്പെട്ടിട്ടില്ല.
- ജില്ല സഹകരണ ബാങ്ക് ചെക്ക് നം 15451/28.12.16 – 2150/- രൂപ, ചെക്ക് നം. 6274591/24.3.17 – 4553/- രൂപ എന്നിങ്ങനെ കാലാവധി കഴിഞ്ഞ ചെക്കുകൾ Stale Cheque കളായി കണക്കാക്കിയിട്ടില്ല.
- വിധവകളുടെ പെൺമക്കളുടെ ധനസഹായം 120000/- രൂപRP7 ൽ ഉൾപ്പെട്ടിട്ടില്ല.
- ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ refunds payable (350400499) 7600/-രൂപ ലയബിലിറ്റിയായി നിൽക്കുന്നു. ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.
- മാസിക, പത്രം ലേലമിനത്തിൽ രജിസ്റ്റർ പ്രകാരം 1591/-രൂപയും AFS പ്രകാരം 1711/- രൂപയും വ്യത്യാസം 120/- രൂപ.
- രജിസ്റ്റർ പ്രകാരം 1000/- രൂപ (കോഴിവില്പന) തറവാടക വരവ് (ഡിപ്പോസിറ്റ്) അതാതിൻെറ ഹെഡിൽ വരവ് വന്നിട്ടില്ല.
- KURDFC ലോൺ വരവ് 330500201, 330500202 എന്നിങ്ങനെ രണ്ട് ഹെഡുകളിൽ വരവ് രേഖപ്പെടുത്തി ഇതിൽ HUDCO വരവായി കാണിച്ചിട്ടുള്ളതും KURDFC വരവ് തന്നെയാണ്.
- MNREGS തൊഴിലാളികളുടെ കൂലി , ഭരണച്ചെലവുകൾ I 6 ൽ പൊരുത്തപ്പെടുന്നില്ല.
- കെട്ടിടനികുതി ഡിമാൻറ് കളക്ഷൻ ബാലൻസ് തുകകൾ , അഡ്വാൻസ് വരവ്(അരിയർ & കറൻറ്) സഞ്ചയ സ്റ്റേറ്റുമെന്റ്, എ.എഫ്.എസ് ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- പ്രോജക്റ്റ് നം. 82/19 ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത 165000/- രൂപ ആസ്തി ആയി B18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. ഡിപ്പോസിറ്റ് ചെയ്ത തുകകൾ അതാത് ഹെഡിലല്ല ഉൾപ്പെടുത്തിയിട്ടുള്ളത്.
- പ്രോജക്റ്റ് നം. 34/19 പ്രകാരം വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 9800/- രൂപ B18 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.
- വാട്ടർ ഡിപ്പോസിറ്റ് (460600103)- 5000/- രൂപ2017-18 ലെ നീക്കിയിരിപ്പിൽ ഉൾപ്പെട്ടത് വിനിയോഗിച്ചിട്ടില്ല.
- ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 50000/- രൂപയിൽ 40000/- രൂപയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-12 വാടക ഈടാക്കിയിട്ടില്ല

2018-19 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോപ്ലക്സിന്റെ VI(a) നമ്പർ കടമുറിയുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നം. | പേര് | മാസ വാടക | കാലയളവ് |
|---|---|---|---|
| VI(a) | ശ്രീ. ശശിധരൻ, ചരുവിളവീട്, മൈലോട് | 2530 | 03/19 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കടമുറിയുടെ വാടകകുടിശ്ശിക അടവാക്കണമെന്ന് ആവശ്യപ്പെട്ട് 23.09.19 ൽ വാടകക്കാർക്ക് കത്ത് അയച്ചിട്ടുണ്ടെന്ന് അറിയിച്ചു.

ഈടാക്കാനവശേഷിക്കുന്ന വാടക പലിശ സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.17/22.01.20

## 1-13 പാലിന് സബ്സിഡി- പാലളവിലും കൂടുതൽ തുക സബ്സിഡി നൽകി

പ്രോജക്ട് നമ്പർ – 111/19

പ്രോജക്ട്-ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ – 12,50,000/-

വികസനഫണ്ട് ജനറൽ – 5,50,000/-

ബ്ലോക്ക് വിഹിതം – 5,00,000/-

ജില്ലാ വിഹിതം – 2,00,000/-

ചെലവ് – 12,50,000/-

ചെലവഴിച്ച തുക

വികസനഫണ്ട് ജനറൽ – 5,50,000/-

ബിൽ നമ്പർ - 1/18-19/31-1-19

ബ്ലോക്ക് വിഹിതം – 5,00,000/-

ചെക്ക് നമ്പർ – 129239/25-3-19

ജില്ലാ വിഹിതം – 2,00,000/-

ചെക്ക് നമ്പർ – 551504/30-3-2019

പ്രസതുത പദ്ധതിയുടെ ആനുകൂല്യ വിതരണ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പാലളവിലും കൂടുതൽ തുക സബ്സിഡി നൽകി . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | പാലളവ് | 3/- രൂപാ നിരക്കിൽ നൽകേണ്ടിയിരുന്ന സബ്സിഡി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| അമ്പലംകുന്ന് ക്ഷീരസഹകരണസംഘം | ഗോമതിയമ്മ | 281 | 843/- | 2035/- | 1192/- |
| | ഭാർഗ്ഗവിയമ്മ | 229 | 687/- | 1542/- | 855/- |
| കൊട്ടറ ക്ഷീരസഹകരണസംഘം | ഇന്ദിരാ ശങ്കർ | 91.2 | 273.6 | 2907 | 2633.4 |
| | ലീലാമണിയമ്മ | 0പാല് അളന്നിട്ടില്ല | 0 | 2199 | 2199 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | സുശീല. കെ | 135.9 | 407.7 | 1038 | 630.3 |
| | മേരിക്കുട്ടി രാജൻ | 134.4 | 403.2 | 3105 | 2702 |
| | അനിതാ ജേക്കബ് | 144 | 432 | 1032 | 600 |
| | ബെന്നി അലക്സ് | 2243.7 | 6731.1 | 7332 | 601 |
| | മേരി ക്കുട്ടി | 270.9 | 812.7 | 1857 | 1044.3 |
| | മഹേശ്വരൻ പിള്ള | 634.6 | 1903.8 | 2274 | 370.2 |
| | തങ്കമണി ആർ | 285 | 855 | 1290/- | 435/- |
| | ആലീസ്. പി. | 154.6 | 463 | 15693 | 15230/- |
| | ആലീസ്. പി. (രണ്ടാം ബിൽ) | 848.7 (4 രൂപ നിരക്കിൽ) | 3395 | 3668 | 273 |
| | ജോൺസൺ (ക്രമനമ്പർ 5147) | 365.3 | 1095.5 | 2235, 660(രണ്ടാം ബിൽ) | 1799.5 |
| | അശോകൻ | 584.6 | 1753.8 | 2487 | 733.2 |
| | ശ്രീജ. എ. | 717 | 2151 | 4098 | 1947 |
| | ആകെ | | | | 33245/- |

2018 എപ്രിൽ മുതൽ ആഗസ്ററ് മാസം വരെയുള്ള പാലളവിന് ആണ് മേൽ ഗുണഭോക്താക്കൾക്ക് അധികം സബ്സിഡി നൽകിയിരിക്കുന്നത്. എന്നാൽ തൊട്ടടുത്ത മാസത്തെ സബ്സിഡി വിതരണരേഖകൾ പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് കൃത്യമായിട്ടാണ് സബ്സിഡി നൽകിയിരിക്കുന്നത്. സബ്സിഡി അധികം നൽകിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 33245/- രൂപാ തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 16/22-01-2020

നിരാകരിച്ച തുക – 33245/-

## 1-14 ആയുഷ് പി. എച്ച്. സിയിലെ പി.റ്റി. എസ്സിന് അധിക വേതനം നൽകി

ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആയുഷ് പി. എച്ച്. സിയിലെ പി.റ്റി. എസ്സിന് അനുവദനീയമായതിലും അധികം വേതനം നൽകി.താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകിയ പി.റ്റി.എസ്സായ ശ്രീമതി. കെ. ബിന്ദുവിന് അനുവദനീയമായ പരമാവധി തുക മാസം 6000/- രൂപ (ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം) അണെന്നിരിക്കെ ദിവസം 273/- രൂപ നിരക്കിലാണ് വേതനം നൽകിയിരിക്കുന്നത്. ആയതു കൂടാതെ 19-8-18 മുതൽ 20-11-18 വരെ ടിയാളെ അറ്റന്റർ തസ്തികയിലേക്ക് നിയമിച്ച് ആയതിന് ദിവസം 645/- രൂപ നിരക്കിൽ വേതനം നൽകുകയുണ്ടായി .

അറ്റൻഡർ തസ്തിക ഇല്ലാത്ത സ്ഥാപനത്തിൽ പി.റ്റി. എസ്സായ ആളിനെ അറ്റൻഡർ സ്ഥാനത്തേക്ക് മാറ്റി നിയമിച്ചതിന്റെ കാരണവും അയതിന്റെ ഗവൺമെന്റ് ഉത്തരവും ലഭ്യമാക്കേണ്ടതാണ്.

ടിയാൾക്ക് വേതനം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | നൽകിയ തുക | ചെക്ക് നമ്പർ, തീയതി | നൽകേണ്ടിയിരുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 3/18 | 30*273=<br>8190 | 25555/5-4-2018 | 6000/- | 2190/- |
| 4/18 | 28*273=7644 | 25591/2-5-2018 | 6000/- | 1644 |
| 5/18 | 30*273=<br>8190 | 26129/4-6-2018 | 6000/- | 2190 |
| 6/18 | 30*273=<br>8190 | 26171/2-7-18 | 6000/- | 2190 |
| 7/18 | 30*273=<br>8190 | 26805/1-8-18 | 6000/- | 2190/- |
| 8/18 | 18*273=4914<br>11*645=7095 | 26862/1-9-18 | 6000/- | 6009 |
| 9/18 | 28*645=18060 | 26888/3-10-18 | 6000/- | 12060/- |
| 10/18 | 29*645=18705 | 27361/2-11-18 | 6000/- | 12705 |
| 11/18 | 19*645=12255<br>10*273=2730 | 27396/1-12-18 | 6000/- | 8985/- |
| 12/18 | 30*273=8190 | 27842/27-1-19 | 6000/- | 2190 |
| 1/19 | 30*273=8190 | 27893/1-2-19 | 6000/- | 2190/- |
| 2/19 | 28*273=7644 | 28393/1-3-19 | 6000/- | 1644/- |

ഇങ്ങനെ അധികം തുക 56728/- നൽകാനുള്ള കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് നിയമനവും, പ്രതിഫലം നൽകലും ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 14/22.1.20

## 1-15 കന്നുകുട്ടി പരിപാലനം - വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നമ്പർ 32/19

പ്രോജക്ട് -കന്നുകുട്ടി പരിപാലനം

അടങ്കൽ 28,00,000/-

ചെലവ് 7,00,000/- ബിൽ നമ്പർ 2/18-19/19-11-18 312500/-

ബിൽ നമ്പർ 3/18-19/18-12-18 387500/-. 112 കന്നുകുട്ടികൾക്കായി 6250/- രൂപ നിരക്കിൽ 7,00,000/- രൂപയാണ് മേൽ ബിൽ പ്രകാരം പിൻവലിച്ച് ഒടുക്കിയത്.

പ്രസ്തുത പ്രോജക്ടിനായി കൊട്ടറ, മരുതമൺപള്ളി എന്നീ സംഘങ്ങളെ തെരഞ്ഞെടുക്കുകയും ആനുകൂല്യം വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. എന്നാൽ

ആയതിന്റെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. മരുതമൺപള്ളി സംഘം വഴി ആനുകൂല്യം ലഭ്യമായിരുന്ന രണ്ടു കന്നുകുട്ടികൾ മരണപ്പെട്ടതിനാൽ ടിയാളുകളെ ആനുകൂല്യത്തിൽ നിന്നും മാറ്റിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയരിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 7,00,000/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രണ്ടു കന്നുകുട്ടികൾ മരിച്ചതിനാൽ ടിയാളുകൾക്കായി ചെലവഴിച്ചതിന്റെ ബാക്കി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 15/23-01-2020

തടസ്സപ്പെടുത്തിയ തുക - 7,00,000/-

## 1-16 തുക നൽകിയിട്ടും രസീതുകൾ പൂർണ്ണമായും ലഭ്യമാകുന്നില്ല.

16-1-2019 തീയതീയിലെ 27863 നമ്പർ ചെക്ക് പ്രകാരം 50 രസീത് ബുക്കിനായി 5900/- രൂപ നൽകിയെങ്കിലും ആയതിൽ 15 എണ്ണം മാത്രമേ സ്റ്റോക്കിലെടുത്തിട്ടുള്ളൂ. ആയതിന് മറുപടിയായി 25-6-2018 നൽകിയ 25 രസീതു ബുക്കുകളുടെ വില ആയതിൽ ക്രമീകരിച്ചു എന്നാണ് അറിയിച്ചത്. എന്നാൽ ടി തുക 25-6-2018 തീയതിയിലെ 1410059 നമ്പർ ചെക്ക് പ്രകാരം നൽകിയിട്ടുള്ളതാണ്. ബാക്കി 35 രസീതു ബുക്കുകൾ ലഭ്യമാക്കത്തതിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4130/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രസീത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 14/23-01-2020

തടസ്സപ്പെടുത്തിയ തുക 4130/-

## 1-17 ഗ്രാമകേന്ദ്രം

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡായ തച്ചൻകോട് വാർഡിലെ ഗ്രാമ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ കറന്റ് ചാർജ് താഴെ പറയുന്ന ചെക്കുകൾ പ്രകാരം നൽകിയിട്ടുണ്ട്. (കൺസ്യൂമർ നം.25095)

| ക്രമ നം. | തുക | ചെക്ക് നം. |
|---|---|---|
| 1 | 385 | 26122/24.05.18 |
| 2 | 466 | 27919/25.02.19 |
| 3 | 423 | 27919/25.02.19 |
| 4 | 507 | 27881/22.01.19 |

എന്നാൽ 22.01.20 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ഗ്രാമ കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ കൺസ്യൂമർ നമ്പർ 7978 ആണെന്നും തൊട്ടടുത്തുള്ള

വീടിന്റെ കൺസ്യൂമർ നമ്പർ ആണ് 25095 എന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തെറ്റുപറ്റിയതാണെന്ന് ബോധ്യപ്പെട്ടു എന്നു അറിയിച്ചുകൊണ്ട് 23-01-2020 തീയതിയിലെ 11901010389З നമ്പർ രസീതു പ്രകാരം തുക തിരികെ അടച്ചു.

## 1-18 തെരുവുവിളക്കിനായി ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും കറണ്ട് ചാർജ്ജ് നൽകുന്നു.

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ പ്രകാരം നിലവിൽ ഉപയോഗത്തിൽ ഇല്ലാത്ത ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബുകൾ എന്നിവയ്ക്ക് വൈദ്യുതി ചാർജ്ജ് നൽകുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബുകൾ എന്നിവ വാങ്ങുകയോ ആയവയ്ക്ക് എ.എം.സി നൽകുകയോ ചെയ്യുന്നില്ല. ഇപ്പോഴും ഗ്രാമപഞ്ചായത്തിൽ ഓർഡിനറി ബൾബുകൾ, ഫ്ലൂറസന്റ് ട്യൂബുകൾ എന്നിവ ഉപയോഗിക്കുന്നതിന്റെ കാരണം വ്യകതമാക്കേണ്ടതാണ്. അവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റ് നമ്പർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

നിലവിൽ ഉപയോഗിക്കാത്ത സാധനങ്ങൾക്ക് പ്രതിമാസം നൽകുന്ന കറണ്ട് ചാർജ്ജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | വാട്ട് | മണിക്കൂറുകൾ | നിരക്ക് | തുക |
|---|---|---|---|---|---|
| ഫ്ലൂറസന്റ് ട്യൂബുകൾ | 306 | 40 | 12 | 66 | 20196 |
| ഓർഡിനറി ബൾബുകൾ | 79 | 60 | 12 | 102 | 8058 |
| ഓർഡിനറി ബൾബുകൾ | 4 | 100 | 12 | 167 | 668 |

പ്രതിമാസം 28922/- രൂപാ നിലവിൽ ഇല്ലാത്ത വൈദ്യുത ഉപകരണങ്ങളുടെ കറണ്ട് ചാർജ്ജ് ആയി നൽകുന്നുണ്ട്. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയത് ഇലക്ട്രിസിറ്റി ബോർഡിന്റെ ശ്രദ്ധയിൽ പെടുത്തി തുടർനടപടി സ്വീകരിക്കുന്ന താണെന്നറിയിച്ചിട്ടുണ്ട്.

## 1-19 ഭവനപുനരുദ്ധാരണം -- അഡ്വാൻസ് കൈപ്പറ്റിയിട്ട് വീടു മെയിന്റൻസ് നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ 38/19

പ്രോജക്ട് - ഭവനപുനരുദ്ധാരണം(എസ്.സി)

അടങ്കൽ – 16,00,000/-

ചെലവ് – 14,00,000/-

പ്രസ്തുത പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി സാവിത്രിക്ക് അഡ്വാൻസായി 25000/- രൂപ ബിൽ നമ്പർ 76/28-2-2019 പ്രകാരം നൽകിയെങ്കിലും ടിയാൾ വീട് മെയിന്റനൻസ്

നടത്തി ബാക്കി തുക കൈപ്പറ്റിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പണി പൂർത്തിയാക്കാൻ സമയം ആവശ്യപ്പെട്ടിട്ടുണ്ട് എന്നും പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നുണ്ടെന്നും ജനുവരി 31ന് മുൻപായി പണി പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 25000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പണി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/18-1-2020

തടസ്സപ്പെടുത്തിയ തുക – 25000/-

## 1-20 ദുരിതാശ്വാസനിധിയിലേക്ക് തുക ഒടുക്കാനായി സറണ്ടർ ചെയ്തെങ്കിലും മുഴുവൻ തുകയും ഒടുക്കിയിട്ടില്ല

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് തുക ഒടുക്കാനായി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ ബിനു. പി.എല്ലിന് ആർജ്ജിതാവധി സറണ്ടർ ചെയ്ത് 47825/- രൂപ നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ആയതിൽ 44713/- രൂപ മാത്രമേ ദുരിതാശ്വാസനിധിയിലേക്ക് ഒടുക്കിയിട്ടുള്ളൂ. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആദ്യം രണ്ട് ദിവസത്തെ വേതനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒടുക്കിയിരുന്നതിനാൽ ആണ് തുക കുറച്ച് അടച്ചത് എന്നാണ് അറിയിച്ചിരിക്കുന്നത്. തുക തിരികെ ഒടുക്കി ആർജ്ജിതാവധിയുടെ അക്കൌണ്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയായി 23-01-2020 തീയതിയിലെ 119010103894 നമ്പർ രസീത് പ്രകാരം തുക തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. ആർജ്ജിതാവധി ക്രമവൽക്കരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 14/23-01-2020

## 1-21 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടക

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 10 ഷെഡുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകയുടെ 40% പഞ്ചായത്തിനും 60% ജില്ലാ പഞ്ചായത്തിനും അർഹതപ്പെട്ടതാണ്. വാടക ഈടാക്കി ജില്ലാ പഞ്ചായത്ത് വിഹിതം അതാത് മാസം ജില്ലാ പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടത് പഞ്ചായത്തിന്റെ കടമയാണ്.

1) വാടകയിനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഷെഡ് നം | പേര്, വിലാസം | എഗ്രിമെന്റ് തീയതി | കുടിശ്ശിക തുക പലിശ സഹിതം | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി.സതീഭായി<br>സതീഭവനം<br>നെട്ടയം പി ഒ | 25.03.2008 | 3,41,754/- രൂപ | 31.03.18 വരെ |
| 6 | ശ്രീ.മോഹനൻ<br>അമൃത<br>വടക്കേവിള പി ഒ | 29.06.2006 | 4,02,042/- രൂപ | 31.03.18 വരെ |
| 7 | ശ്രീ.മുഹമ്മദ് ഷാ<br>ഷാ മൻസിൽ<br>മുല്ലശ്ശേരി<br>പന്മന | 25.08.2015 | 42,886/- രൂപ | 31.03.18 വരെ |
| 8,9,10 | ശ്രീ.സലിലാൽ<br>ഇന്ദു നിവാസ്<br>മൈലംകുളം<br>പുത്തൂർ | 09.01.2017 | 13,04,569/- രൂപ | 31.03.18 വരെ |

പ്രസ്തുത കുടിശ്ശികയക്ക് മേൽ റവന്യൂറിക്കവറി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത റവന്യൂറിക്കവറിയുടെ നിലവിലെ സ്ഥിതി വിവരവും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന മേൽ ഷെഡുകൾ വാടകയ്ക്ക് കൊടുക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) 31.03.2019 വരെ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഷെഡ് നം | പേര്, വിലാസം | എഗ്രിമെന്റ് തീയതി | ഒടുക്കുവരുത്തിയിട്ടുള്ള വാടക | | കാലയളവ് |
|---|---|---|---|---|---|
| 1 | ശ്രീമതി.<br>ബിനോബിജി. റ്റി | 30.09.10 | 137700 | | 31.03.19 വരെ |
| 3 മുതൽ 5 വരെ കടമുറികൾ | ശ്രീ.മോഹനൻ<br>അമൃത<br>വടക്കേവിള പി ഒ | 29.06.06 | 23200 | റൂം (3)<br>റൂം (4)<br>റൂം (5) | 24.8.15വരെ<br>8.1.15 വരെ<br>3.2.15 വരെ |
| 3 | ശ്രീ.മുഹമ്മദ് ഷാ<br>ഷാ മൻസിൽ<br>മുല്ലശ്ശേരി<br>പന്മന | 25.08.15 | 58800 | | 25.8.15 മുതൽ 31.03.19 വരെ |
| 4 | ശ്രീ.ദിലീപ്<br>ചരുവിള വീട്<br>പാലമുക്ക്, കണ്ണനല്ലൂർ | 9.1.15 | 57600 | | 9.1.15 മുതൽ 31.03.19 വരെ |

| | | | | |
|---|---|---|---|---|
| 5 | ശ്രീ.ഗണേഷ് കുമാർ കുഴിയത്ത് വീട് പെരിനാട് | 04.02.15 | 52800 | 31.03.19 വരെ |
| ആകെ | | | 330100 | |

3) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വാടകയിനത്തിൽ നാളിതുവരെ ജില്ലാ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുവരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഷെഡ് നം | പേര്, വിലാസം | എഗ്രിമെന്റ് തീയതി | ഒടുക്കുവരുത്തിയിട്ടുള്ള വാടക | രസീത് നം. / തീയതി |
|---|---|---|---|---|
| 3 മുതൽ 5 വരെ കടമുറികൾ | ശ്രീ.മോഹനൻ അമൃത വടക്കേവിള പി ഒ | 29.06.06 | 35264 | 785/2, 30.06.2011 |
| | | | 50000 | 11403100492/ 16.12.2014 |
| | | | 50000 | 11403100632/ 06.01.2015 |
| | | | 50000 | 11403100927/ 16.03.2015 |
| ആകെ | | | 185264 | |

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വാടകയിനത്തിൽ ജില്ലാ പഞ്ചായത്തിലേക്ക് അടയ്ക്കേണ്ട വിഹിതം നാളിതുവരെ അടവാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വാടകയിനത്തിൽ ജില്ലാ പഞ്ചായത്തിലേക്ക് അടയ്ക്കേണ്ട വിഹിതം (330100 രൂപയുടെ 60%) 198060 രൂപയിൽ 185264 രൂപ ജില്ലാ പഞ്ചായത്തിൽ ഒടുക്കുവരുത്തി. ശേഷിക്കുന്ന 12796 രൂപ ഒടുക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.18/22.01.20

## 1-22 അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി - ടെണ്ടർ ക്ഷണിച്ചപ്പോൾ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി(46/19) പ്രകാരം മേശ,കസേര,അലമാര എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിന് പത്രത്തിൽ പരസ്യം നൽകിയതിൻ പ്രകാരം മൂന്ന് ടെണ്ടറുകൾ ലഭിച്ചു. എന്നാൽ അംഗൻവാടിയിലേക്ക് ആവശ്യമായ ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ/അളവുകൾ വ്യക്തമാക്കാതെയാണ് പരസ്യം നൽകിയത് എന്ന് കാണുന്നു. ആയതിനാൽ ടെണ്ടറിൽ പങ്കെടുത്ത ശബരി സ്റ്റീൽ ഫർണിച്ചർ, കിക്കോ ബിസിനസ്സ് കോർപ്പറേഷൻ, തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്നിവർ വിവിധ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറുകളാണ് ക്വാട്ട് ചെയ്തിരിക്കുന്നത്.

അതിൽ ശബരി സ്റ്റീൽ ഫർണിച്ചറിൽ നിന്നമാണ് ഫർണിച്ചറുകൾ വാങ്ങിയത്. മൂന്ന സ്ഥാപനങ്ങളും വിവിധ സ്പെസിഫിക്കേഷനിലുള്ള നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളതിനാൽ നിരക്ക് താരതമ്യം നടത്താൻ കഴിഞ്ഞിട്ടില്ല എന്ന കാണുന്നു.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ക്വോട്ട് ചെയ്തിട്ടുള്ള സാധനങ്ങളുടെ സാമ്പിൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഗുണമേന്മയുണ്ടെന്ന് കണ്ടെത്തിയ സാധനങ്ങളാണ് വാങ്ങിയത് എന്ന് അറിയിച്ചു.വരും വർഷങ്ങളിൽ ഇത്തരത്തിൽ ഉപകരണങ്ങൽ വാങ്ങൽ പദ്ധതികൾ നടത്തുമ്പോൾ പഞ്ചായത്തിന് ആവശ്യമായ ഉപകരണങ്ങളുടെ വ്യക്തമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തി ടെണ്ടർ ക്ഷണിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റന്വേഷണം നം.8/ 18.01.2020

## 1-24 ഔഷധിയിൽ നിന്നും എക്സ്പയറി കഴിഞ്ഞ മരുന്ന് ലഭിച്ചു-5358/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം- 24/19

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

വകയിരുത്തൽ : 450000/-

ചെലവ് : 450000/-

ബിൽ നം : 4/24.11.18

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റിൽ ഔഷധിയിൽ നിന്നും ശുഭ തൈലം – 450ml (141രൂപ/കുപ്പി) 38 കുപ്പി ഇൻവോയിസ് No.90125058 dated:31.07.19 പ്രകാരം ലഭിച്ചതിന്റെ എക്സ്പയറി 07/2019 ആണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്നുകൾ തിരികെ നൽകാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായിനിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പുതിയ മരുന്നുകൾ തിരികെ ലഭിക്കുന്നത് വരെ ശുഭ തൈലത്തിന് ചെലവഴിച്ച 5358/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 11/15.01.2020

തടസ്സപ്പെടുത്തിയ തുക : 5358/-രൂപ

## 1-24 കുടിവെള്ള പൈപ്പ് ലൈൻ കണക്ഷനും,സ്ടീറ്റ് മെയിൻ വലിക്കൽ പ്രോജക്റ്റുകളിൽ വിശദമായ എസ്റ്റിമേറ്റ്, വിനിയോഗ്യ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല - 716449/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകളായ കുടിവെള്ള പൈപ്പ് ലൈൻ കണക്ഷനും,സ്ടീറ്റ് മെയിൻ വലിക്കൽ

പ്രോജക്റ്റുകളിൽ താഴെ പറയും പ്രകാരം ചെലവു ചെയ്ത തുകകൾക്കുള്ള പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് വിശദമായ വിനിയോഗസാക്ഷ്യപത്രം, എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ടിന്റെ പേര്/നം | ബിൽനം,ചെക്ക് നം/ തീയതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| 12-)o വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ/129/19 | 13/07.01.2019(എസ്.സി.പി ഫണ്ട്) | 300000 | കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ കൊട്ടാരക്കര |
| | 551502/29.03.19 (ജില്ലാപഞ്ച.വിഹിതം) | 118000 | കേരള വാട്ടർഅതോറിറ്റി പി എച്ച് ഡിവിഷൻ കൊട്ടാരക്കര |
| പാലമുക്ക് ലക്ഷം വീട് കോളനി കുടിവെള്ള പദ്ധതി ബാലൻസ് തുക അടവാക്കൽ 233/19 | 29/15.03.19 | 99330 | കേരള വാട്ടർഅതോറിറ്റി പി എച്ച് ഡിവിഷൻ കൊട്ടാരക്കര |
| എസ്.സി.കോളനികളിൽസ്ട്രീറ്റ് മെയിൻ വലിക്കൽ 128/19 | 19,20/12.02.19 | 199119 | കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ ഓയൂർ(99999),കെ.എസ്.ഇ.ബി.ഇലക്ട്രിക്കൽ സെക്ഷൻ വെളിയം(99120), |
| | ആകെ | 716449 | |

ബിൽനം:19 പ്രകാരം നൽകിയ 99120/- രൂപയുടെ എസ്റ്റിമേറ്റിൽ 840 മീറ്റർ ലൈൻ വലിക്കുന്നതിനാണ് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ വെളിയത്തിന് തുക നൽകിയിട്ടുള്ളത്. ടി എസ്റ്റിമേറ്റിൽ Unforeseen Items എന്ന ഇനത്തിൽ 23401/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ വിനിയോഗ്യ സാക്ഷ്യപത്രത്തിൽ Unforeseen Items എത്ര ചെലവായതെന്ന വിവരം ഉൾപ്പടെയുള്ള വിശദമായ വിനിയോഗ്യ സാക്ഷ്യപത്രം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ വെളിയം ലഭ്യമാക്കിയിട്ടില്ല. വിശദമായ വിനിയോഗ്യ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ബിൽനം:20 പ്രകാരം നൽകിയ 99999/- രൂപയുടെ എസ്റ്റിമേറ്റിൽ 997 മീറ്റർ ലൈൻ വലിക്കുന്നതിനാണ് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ ഓയൂരിന് തുക നൽകിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കേണ്ടതാണ്.

പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിശദമായ വിനിയോഗസാക്ഷ്യപത്രം, എന്നിവയുടെ അഭാവത്തിൽ മേൽ പറഞ്ഞ പ്രവർത്തികൾക്ക് ചെലവഴിച്ച തുകയായ 716449/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു. പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിശദമായ വിനിയോഗസാക്ഷ്യപത്രം, വിശദമായ എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 2/15.01.2020

തടസ്സത്തിൽ വെയ്ക്കുന്ന തുക: 716449/- രൂപ

## 1-25 പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്നും, ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ പിഎച്ച്സി ബിൽനം: 6/27.11.18 പ്രകാരം 565200/- രൂപ പ്ലാൻഫണ്ടിൽ നിന്നും പിൻവലിച്ചതിൽ നിന്നും മരുന്നും, ഉപകരണങ്ങളും വാങ്ങാനായി കെ.എം.എസ്.സി.എല്ലിന് 500000/-രൂപ നൽകിയെങ്കിലും മരുന്നും, ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല. വിവരം താഴെ പറയുന്നു.

| ഐറ്റം | ഇൻവോയിസ് നം/ തീയതി | കെ.എം.എസ്.സി.എല്ലിന് നൽകിയ തുക |
|---|---|---|
| പാലിയേറ്റീവ് മരുന്നുകൾ | PRF2186/07.11.18 | 400000.00 |
| പാലിയേറ്റീവ് ഉപകരണങ്ങൾ | PRF2181/04.11.18 | 100000.00 |

മരുന്നും, ഉപകരണങ്ങളും ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് 108219/- രൂപയുടെ മരുന്നും, 4110/- രൂപയുടെ ഉപകരണങ്ങളും കെ.എം.എസ്.സി.എല്ലിൽ നിന്നും ഇനിയും ലഭിക്കാനുണ്ടെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ളത്. മരുന്നുകളും, ഉപകരണങ്ങളും കെ.എം.എസ്.സി.എല്ലിൽ നിന്നും ലഭ്യമാക്കി പാലിയേറ്റീവ് രോഗികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി-43250/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

പ്രോജക്ട് നം: 197/19

അടങ്കൽ തുക: 50000/- രൂപ(പൊതു വിഭാഗം-സാധാരണ വിഹിതം)

ചെലവ്: 43250/-രൂപ

ബിൽനം/തീയതി: 19/19.03.19:43250/-രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പായ പ്രോജക്ടിൽ Sabari Steel Furniture, Kico Buisiness Corporation, Thampurankalayil എന്നീ സ്ഥാപനങ്ങൾ പങ്കെടുത്തതിൽ Sabari Steel Furniture എന്ന സ്ഥാപനത്തിനാണ് തീരുമാനം നം1(2)/16.11.18 പ്രകാരം കരാർ നൽകിയിട്ടുള്ളത്. തീരുമാനത്തിനുസൃതമായി 5 അലമാരകൾ 43250/- രൂപയ്ക്ക് Sabari Steel Furniture -ൽ നിന്നും വാങ്ങി. എന്നാൽ ടെൻഡർ പരിശോധിച്ചതിൽ Thampurankalayil ആണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതായി കാണുന്നത്. കരാറുകാർ ക്വാട്ട് ചെയ്ത നിരക്ക് താഴെ പറയുന്നു.

| സ്ഥാപനം | Steel Alamarah with 4 shelves-78x36x18 |
|---|---|
| Sabari Steel Furniture | 8650/-(18g)Steel Alamarah with 4 shelves-76x36x19 |
| Kico Buisiness Corporation | 9449/-(20g) Steel Alamarah with 4 shelves |
| Thampurankalayi | 6293/-(20g)Steel Alamarah with 4 shelves-78x36x18 |

പഞ്ചായത്ത് നിശ്ചയിച്ച Specification സംബന്ധിച്ച രേഖകൾഹാജരാക്കിയിട്ടില്ല. ഗുണനിലവാരം സംബന്ധിച്ച കാരണം രേഖപ്പെടുത്താതെ പ്രൊക്യൂർമെന്റ് കമ്മറ്റി Sabari Steel Furniture-നെ തെരഞ്ഞെടുത്ത് പഞ്ചായത്ത് കമ്മറ്റിയോടു ശുപാർശ ചെയ്യുകയായിരുന്നു. ലഭ്യമായ ടെൻഡറുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Thampurankalayil -നെ ഒഴിവാക്കി Sabari Steel Furniture എന്ന സ്ഥാപനത്തെ തെരഞ്ഞടുത്തത് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിനുള്ള കാരണം ബോധ്യപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ കാരണം ബോധ്യപ്പെടുത്തുന്നതുവരെ ചെലവഴിച്ച 43250/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 13, തീയതി : 21.01.2020

## 1-27 തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ -2684/-രൂപ നിരാകരിക്കുന്നു---

പ്രോജക്ട് നം. 7/19

ചെലവ്: 544985/-(ധന.കമ്മീ.ഗ്രാന്റ്)

:21000/-(തനത്ഫണ്ട്)

ബിൽനം: 15/30.07.18:14835/-

ബിൽനം: 16/30.07.18:45538/-

ബിൽനം: 20/12.09.18:152194/-

ബിൽനം: 24/24.10.18:24749/-

ബിൽനം: 27/24.10.18:27000/-

ബിൽനം: 28/30.10.18:83584/-

ബിൽനം: 39/18.01.19:137757/-

ബിൽനം: 45/16.02.18:59328/-

ചെക്ക് നം: 1574879/25.03.19:21000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗ്സ്ഥനായി നടത്തിയ തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പ്രോജക്ടിലെ അപാകതകൾ താഴെ പറയുന്നു.

1)തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പോസറ്റ് ഒന്നിന് 64/- രൂപ പ്രകാരം കരാർ ഏറ്റെടുത്ത രാജീവ്. എസ് എന്ന കരാറുകാരന് ക്വട്ടേഷൻ അംഗീകരിച്ച തീയതിയായ 22.06.18 മുതൽ 64/- രൂപ നൽകേണ്ടതിന് പകരം 68/- രൂപ പ്രകാരംതാഴെ പറയുന്ന തീയതികളിൽ തുക നൽകിയിട്ടുണ്ട്. (ബിൽനം:16/30.07.18:45538/-)

| വാർഡ് | പ്രവർത്തി നടത്തിയ തീയതി | പ്രവർത്തി നടത്തിയ പോസ്റ്റുകളുടെ എണ്ണം | പോസറ്റ് ഒന്നിന് നൽകിയ തുക(68/- രൂപ പ്രകാരം) | പോസ്റ്റ് ഒന്നിന് നൽകേണ്ട തുക (64/-രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 4 | 26.06.18 | 100 | 6800 | 6400 | 400 |
| 8 | 14.07.18 | 32 | 2176 | 2048 | 128 |
| 9 | 23.06.18 | 36 | 2448 | 2304 | 144 |
| 13 | 12.07.18 | 15 | 1020 | 960 | 60 |
| 15 | 24.06.18,02.07.18 | 61 | 4148 | 3904 | 244 |
| 16 | 28.06.18 | 52 | 3536 | 3328 | 208 |
| ആകെ | | | 20128 | 18944 | 1184 |

2) തെരുവ് വിളക്കുക്ക് മെയിന്റനൻസ് പ്രവർത്തികൾ നടത്തുന്നതിന് സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിന് ദിവസ വാഹന വാടക ഇനത്തിൽ 750/- രൂപ പ്രകാരം കരാർ ഏറ്റെടുത്ത അനിൽകുമാർ എന്ന കരാറുകാരന് ഒരു ദിവസം തന്നെ ഒന്നിൽ കൂടുതൽ വാഹന വാടക നൽകി. 18.09.18, 24.09.18 എന്നീ തീയതികളിൽ ആണ്

ഇത്തരത്തിൽ തുക നൽകിയിട്ടുള്ളത് (ബിൽനം:27/24.10.18:27000/-).

ഖണ്ഡിക 1,2 പ്രകാരം രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 2684/-രൂപ നിരാകരിക്കുന്നു. എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗ്സ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരിക്കുന്ന തുക: 11844+1500=2684/- രൂപ

ഓഡിറ്റ് എൻക്വയറി നം. 19/23.01.2020

## 1-28 മിനിമാസ്റ്റ് എൽഇഡി ലൈറ്റ് സ്ഥാപിക്കൽ -കേടായ ലൈറ്റുകൾ വാറന്റി പിരിഡിൽ മാറ്റി സ്ഥാപിക്കുന്നില്ല.

പ്രോജക്ട് നം: 150/19

അടങ്കൽ തുക: 100000/- രൂപ (പൊതു വിഭാഗം-സാധാരണ വിഹിതം)

ധനകാര്യ കമ്മീഷൻ ഗ്രാന്റ്: 300000/-രൂപ

ചെലവ്: 373205/-രൂപ

ബിൽനം/തീയതി: 1/28.05.18:100000/-രൂപ

: 5/18.06.18:273205/-രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ കടകമ്പോളങ്ങൾ ധാരാളമുള്ള ജനങ്ങൾ ധാരാളമായി അധിവസിക്കുന്ന പ്രദേശങ്ങളിൽ പ്രകാശം എത്തിച്ചു നൽകൽ- മിനിമാസ്റ്റ് എൽഇഡി ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു.

century electronics, Electrotech pooyappally എന്നീ സ്ഥാപനങ്ങളാണ് മിനിമാസ്റ്റ് എൽഇഡി ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ടുമായി ബന്ധപ്പെട്ട ടെൻഡറിൽ പങ്കെടുത്തത്. ഇതിൽ .02% കുറവ് ക്വാട്ട് ചെയ്ത Electro tech pooyappally എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിട്ടുള്ളത്. A1-53/2017 തീയതി:06.03.18-ലെ കത്ത് പ്രകാരം കരാറുകാരനുമായുള്ള നെഗോസിയേഷനിൽ 3.5% കുറച്ചാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം പ്രവർത്തിയുടെ ആകെ ചെലവ് 384572.89 രൂപയും, എസ്റ്റിമേറ്റ് തയ്യാറാക്കലും, സൂപ്പർവിഷൻ ചാർജ്ജസും ഉൾപ്പടെ 15383/- രൂപ(11537+3846)യും കണ്ടിജൻസി ചാർജ്ജ് 44/- രൂപ ഉൾപ്പടെ 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് പാനൽ എൻജിനീയർ ശ്രീ. കെ.രമണൻ തയ്യാറാക്കി നൽകിയിട്ടുള്ളത്.

<u>എം.ബുക്ക് പ്രകാരം ചെയ്ത പ്രവർത്തിയുടെ വിവരം</u>

പ്രവർത്തിയുടെ ആകെ മൂല്യം= 373205/-രൂപ

IT 1%= 3732/-

KCWWF 1%= 3732/-

Supervision charges 3%= 11537/-

Preparation charges, TS Charges1%= 3846/-

കരാർ പ്രകാരം കുറയ്ക്കേണ്ടത് 3.5%= 13062/-രൂപ

ആകെ കുറയ്ക്കേണ്ട തുക= 35909/-രൂപ

കരാറുകാരന് നൽകേണ്ട തുക= 373205-7464= 352679/-രൂപ

കരാറുകാരന് ആകെ നൽകിയ തുക= 350358/

120 watts single piece 13 LED flood lights സ്ഥാപിക്കുന്നതിനാണ് ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പടെ 165399/-രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിയിട്ടുള്ളത്. 18.01.2020-ൽ നടത്തിയ സ്ഥല പരിശോധനയിൽ 4 മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതിൽ മൂന്നും കടകമ്പോളങ്ങൾ ഇല്ലാത്ത ചെറിയ ജംഗ്ഷനുകളിൽ ആണ്. 4 മിനിമാസ്റ്റ് ലൈറ്റുകളിൽ 3 ലൈറ്റുകൾ വീതം പന്ത്രണ്ട് എൽഇഡി ലൈറ്റുകൾ മാത്രമാണുള്ളത്. ഒരു ലൈറ്റ് പൂർണ്ണമായും കേടായി ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. കൂടാതെ വാർഡ്-5-ലെ മിനിമാസ്റ്റ് ലൈറ്റുകളിൽ 2 എണ്ണവും, വാർഡ്-8-ലെ മിനിമാസ്റ്റ് ലൈറ്റുകളിൽ 1 എണ്ണവും, വാർഡ്-6-ലെ മിനിമാസ്റ്റ് ലൈറ്റുകളിൽ 1 എണ്ണവും കത്തുന്നില്ല. മിനിമാസ്റ്റിലെ ലൈറ്റുകൾക്ക് 5 വർഷ വാറന്റിയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാർ നൽകിയിട്ടുള്ളത്. എന്നാൽ വാറന്റി ഉപയോഗിച്ച് തകരാർ പരിഹരിക്കുന്നതിന് യാതൊരുവിധ നടപടിയും പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുള്ള മിനിമാസ്റ്റ് ലൈറ്റുകൾക്ക് പകരം ഡബിൾ ട്യൂബ് സെറ്റ്/എൽഇഡി ലൈറ്റുകൾ ജംഗ്ഷനുകളിലെ പോസ്റ്റുകളിൽ സ്ഥാപിച്ചിരുന്നെങ്കിൽ പഞ്ചായത്തിന് ഇത്രയും വലിയൊരു ചെലവും ഉണ്ടാകുമായിരുന്നില്ല. ഹൈമാസ്റ്റ് ലൈറ്റ് പോലെ കേടുപാടുകൾ തീർക്കാൻ താഴെ നിന്നും ലൈറ്റുകൾ ഇറക്കി മെയിന്റനൻസ് നടത്താൻ മിനിമാസ്റ്റ് ലൈറ്റുകൾക്ക് കഴിയില്ല. ആയതിനുള്ള സൗകര്യം ഇല്ലാത്തതാണ്. കേടുപാടുകൾ സംഭവിക്കുമ്പോൾ മെയിന്റനൻസ് നടത്താൻ പഞ്ചായത്തിന് നല്ലൊരു തുക തന്നെ കണ്ടെത്തേണ്ടി വരും. കേവലം ഒരു വർഷം പോലും ആകുന്നതിന് മുൻപ് തന്നെ ലൈറ്റുകൾ പലതും കേടുപാടുകൾ സംഭവിച്ചത് ലൈറ്റുകളുടെ ഗുണ നിലവാരമില്ലായ്മയാണ് കാണിക്കുന്നത്. മേൽ അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തകരാർ പരിഹരിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ച് ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. റിപ്പോർട്ട് ലഭിക്കുന്നതുവരെ പ്രവർത്തിക്ക് വേണ്ടി ചെലവഴിച്ച 373205/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 12 തീയതി:21.01.19

തടസ്സപ്പെടുത്തിയ തുക: 373205/-രൂപ

## 1-29 ടാറിംഗ് പ്രവൃത്തികൾ -കാലിബാരൽ വില ഈടാക്കിയിട്ടില്ല

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് അനുവദിച്ച്

നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാരനിൽ നിന്ന് കാലിബാരൽ വില ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെവിവരം | ഉപയോഗിച്ച ടാറിന്റെ അളവ്,<br>ബാരലിന്റെ എണ്ണം<br>156kg/barrel | ഈടാക്കേണ്ട തുക<br>@238+GST 18% |
|---|---|---|
| പാൽ സൊസൈറ്റി ഏലാറോഡ് റീടാറിംഗ്, 167/19<br>ബിൽ 82/12.3.19 - 242138/- | 1774.74kg, 11<br>കരാറുകാരൻ – ശിവാനന്ദൻപിള്ള | 3091 |
| ഓട്ടുമല നെടുമല റോഡ് റീടാറിംഗ്, 179/18-19<br>ബിൽ 76/19.1.19 - 208541/- | 1730.352, 11<br>കരാറുകാരൻ – ശിവാനന്ദൻപിള്ള | 3091 |
| ഓട്ടുമല നെടുമല റോഡ് റീടാറിംഗ്, 161/18-19<br>ബിൽ 75/25.1.19 – 193749/- | 1558.87,10<br>കരാറുകാരൻ – ശിവാനന്ദൻപിള്ള | 2810 |
| | ആകെ നഷ്ടം | 8992 |

കരാറുകാരനിൽ നിന്ന് കാലിബാരൽ വില ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 5/17.1.2020.

## 1-30 തുറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിന് അംഗീകൃത നിരക്ക് നിലനിൽക്കെ അധികനിരക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തി

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിനായി കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിന് ഇനം 50.2.26.1 പ്രകാരമുള്ള പ്രവൃത്തിമാത്രം മതിയാകും എന്നിരിക്കെ കൂടിയ നിരക്കിലുള്ള ഇനം (ഒബ്സെർവ്ഡ് ഡാറ്റ 315227/17.18, ഇനം-50.2.25.1) ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പൃവൃത്തി നിർവ്വഹിക്കുകയും ചെയ്യുകവഴി അധികചെലവ് ഉണ്ടായി. റോഡ് നിർമ്മാണത്തിന് തുറസ്സായ സ്ഥലത്തുള്ള ഫില്ലിംഗ് മാത്രംമതിയാകും. എന്നാൽ മേൽ പ്രവൃത്തിയ്ക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ അംഗീകൃത നിരക്ക് ഉണ്ടായിരിക്കെ (ഇനം 50.2.26.1) അത് ഉപയോഗിക്കാതെ അധികനിരക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചതുവഴി അധികചെലവ് വന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇനം നം,<br>ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക്, തുക | നൽകിയ തുക | അധിക ചെലവ് |
|---|---|---|---|---|
| കോട്ടൂർകോണം – കാറ്റാടി ഓയൂർ റോഡ് | (1)28.201sqm | 28.201sqm@626.89 (od315227/17.18 )=17678.92 | 28.201sqm@294.97 =8318.45 | 9360.47 |
| തേക്കിൻകാട് അരീത്തോട്ടം റോഡ് | (1)19.800 | 19.800x460.77 (ഇനം-50.2.25.1) | 19.800x294.97 =5840.40 | 3282.85 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റിംഗ് | | =9123.25 | | |
| വടക്കുംകര നടപ്പാത കോൺക്രീറ്റിംഗ് | (1) 28.530 | 28.530x460.77= 13145.77 | 28.530x294.97 = 8415.49 | 4730.28 |
| വലിയാംകുന്ന് നാടിയൂർകുന്ന് ശാഖാറോഡ് കോൺക്രീറ്റിംഗ് | (1) 13.050 | 13.050x460.77= 6013.05 | 13.050x294.97= 3849.35 | 2163.70 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 5/17.1.2020

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ടാറിംഗ് പ്രവൃത്തികൾ -കാലിബാരൽ വില ഈടാക്കിയിട്ടില്ല

നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പാക്സ് ബിറ്റുമിൻ നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാരനിൽ നിന്ന് കാലിബാരൽ വില ഈടാക്കിയിട്ടില്ല.

| പ്രവൃത്തിയുടെവിവരം | ഉപയോഗിച്ച ടാറിന്റെ അളവ്, ബാരലിന്റെ എണ്ണം 156kg/barrel | ഈടാക്കേണ്ട തുക @238+GST 18% |
|---|---|---|
| പാൽ സൊസൈറ്റി ഏലാറോഡ് റീടാറിംഗ്, 167/19 ബിൽ 82/12.3.19 - 242138/- | 1774.74kg, 11 കരാറുകാരൻ – ശിവാനന്ദൻപിള്ള | 3091 |
| ഓട്ടുമല നെടുമല റോഡ് റീടാറിംഗ്, 179/18-19 ബിൽ 76/19.1.19 - 208541/- | 1730.352, 11 കരാറുകാരൻ – ശിവാനന്ദൻപിള്ള | 3091 |
| ഓട്ടുമല നെടുമല റോഡ് റീടാറിംഗ്, 161/18-19 ബിൽ 75/25.1.19 – 193749/- | 1558.87,10 കരാറുകാരൻ – ശിവാനന്ദൻപിള്ള | 2810 |
| | ആകെ നഷ്ടം | 8992 |

കരാറുകാരനിൽ നിന്ന് കാലിബാരൽ വില ഈടാക്കി രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 5/17.1.2020.

## 3-2 തുറസ്സായ സ്ഥലത്ത് മണ്ണ് ഫില്ലിംഗിന് അംഗീകൃത നിരക്ക് നിലനിൽക്കെ അധികനിരക്കുള്ള ഇനങ്ങൾ ഇൾപ്പെടുത്തി

ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളിൽ റോഡ് നിർമ്മാണത്തിനായി കരാറുകാരന്റെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിന് ഇനം 50.2.26.1 പ്രകാരമുള്ള പ്രവൃത്തിമാത്രം മതിയാകും എന്നിരിക്കെ കൂടിയ നിരക്കിലുള്ള ഇനം (ഒബ്സെർവ്ഡ് ഡാറ്റാ315227/17.18, ഇനം-50.2.25.1) ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയുംപ്രവൃത്തി നിർവ്വഹിക്കുകയും ചെയ്യുകവഴി അധികചെലവ് ഉണ്ടായി. റോഡ് നിർമ്മാണത്തിന് തുറസ്സായ സ്ഥലത്തുള്ള ഫില്ലിംഗ് മാത്രംമതിയാകും. എന്നാൽ മേൽ പ്രവൃത്തിയ്ക്ക് പ്രൈസ് സോഫ്റ്റ്വെയറിൽ അംഗീകൃത നിരക്ക് ഉണ്ടായിരിക്കെ (ഇനം 50.2.26.1 ) ആയത് ഉപയോഗിക്കാതെ അധികനിരക്കുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ചതുവഴി അധികചെലവ് വന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ഇനം നം, ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകിയ നിരക്ക്, തുക | നൽകിയ തുക | അധിക ചെലവ് |
|---|---|---|---|---|
| കോട്ടൂർകോണം – കാറ്റാടി ഓയൂർ റോഡ്, 70/18-19<br>ശ്രീ. സന്തോഷ്<br>ബിൽ 23/18/8/18-253614<br>MF(R) | (1)28.201sqm | 28.201sqm@626.89 (od315227/17.18 )=17678.92 | 28.201sqm@294.97 =8318.45 | 9360.47 |
| തേക്കിൻകാട് അരീത്തോട്ടം റോഡ് കോൺക്രീറ്റിംഗ്, 198/19<br>ബിൽ 71/14.1.19-113777<br>MF(R) | (1)19.800 | 19.800x460.77 (ഇനം-50.2.25.1)=9123.25 | 19.800x294.97 =5840.40 | 3282.85 |
| വടക്കുംകര നടപ്പാത കോൺക്രീറ്റിംഗ്, 204/19<br>കരാറുകാരൻ – ശ്രീ. സന്തോഷ്. എം. കെ<br>ബിൽ 60/21.12.18-113633<br>MF(NR) | (1) 28.530 | 28.530x460.77= 13145.77 | 28.530x294.97 = 8415.49 | 4730.28 |
| വലിയാംകുന്ന് നാടിയൂർകുന്ന് ശാഖാറോഡ് കോൺക്രീറ്റിംഗ്, 194/18-19<br>കരാറുകാരൻ – ശ്രീ. സുഗതൻ | (1) 13.050 | 13.050x460.77= 6013.05 | 13.050x294.97= 3849.35 | 2163.70 |
| | | | ആകെ | 19537.30 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടത്തുക 19541.30 രൂപ അസി. എഞ്ചിനയറിൽ നിന്ന് തിരികെ ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-3 പാലിന് സബ്സിഡി- പാലളവിലും കൂടുതൽ തുക സബ്സിഡി നൽകി

പ്രോജക്ട് – നമ്പർ 111/19

പ്രോജക്ട് - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ - 12,50,000/-

വികസനഫണ്ട് ജനറൽ - 5,50,000/-

ബ്ലോക്ക് വിഹിതം – 5,00,000/-

ജില്ലാ വിഹിതം – 2,00,000/-

ചെലവ് – 12,50,000/-

വികസനഫണ്ട് ജനറൽ – 5,50,000/-

ബിൽ നമ്പർ – 1/18-19/31-1-19

ബ്ലോക്ക് വിഹിതം – 5,00,000/-

ചെക്ക് നമ്പർ - 129239/25-3-19

ജില്ലാ വിഹിതം – 2,00,000/-

ചെക്ക് നമ്പർ – 551504/30-3-2019

പ്രസതുത പദ്ധതിയുടെ ആനുകൂല്യ വിതരണ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പാലളവിലും കൂടുതൽ തുക സബ്സിഡി നൽകി . വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | പാലളവ് | 3/- രൂപാ നിരക്കിൽ നൽകേണ്ടിയിരുന്ന സബ്സിഡി | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| അമ്പലംകുന്ന് ക്ഷീരസഹകരണസംഘം | ഗോമതിയമ്മ | 281 | 843/- | 2035/- | 1192/- |
| | ഭാർഗ്ഗവിയമ്മ | 229 | 687/- | 1542/- | 855/- |
| കൊട്ടറ ക്ഷീരസഹകരണസംഘം | ഇന്ദിരാ ശങ്കർ | 91.2 | 273.6 | 2907 | 2633.4 |
| | ലീലാമണിയമ്മ | 0പാല് അളന്നിട്ടില്ല | 0 | 2199 | 2199 |
| | സുശീല. കെ | 135.9 | 407.7 | 1038 | 630.3 |
| | മേരിക്കുട്ടി രാജൻ | 134.4 | 403.2 | 3105 | 2702 |
| | അനിതാ ജേക്കബ് | 144 | 432 | 1032 | 600 |
| | ബെന്നി അലക്സ് | 2243.7 | 6731.1 | 7332 | 601 |
| | മേരി ക്കുട്ടി | 270.9 | 812.7 | 1857 | 1044.3 |
| | മഹേശ്വരൻ പിള്ള | 634.6 | 1903.8 | 2274 | 370.2 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | തങ്കമണി ആർ | 285 | 855 | 1290/- | 435/- |
| | ആലീസ്. പി. | 154.6 | 463 | 15693 | 15230/- |
| | ആലീസ്. പി. (രണ്ടാം ബിൽ) | 848.7 (4 രൂപ നിരക്കിൽ) | 3395 | 3668 | 273 |
| | ജോൺസൺ (ക്രമനമ്പർ 5147) | 365.3 | 1095.5 | 2235, 660(രണ്ടാം ബിൽ) | 1799.5 |
| | അശോകൻ | 584.6 | 1753.8 | 2487 | 733.2 |
| | ശ്രീജ. എ. | 717 | 2151 | 4098 | 1947 |
| | | | | ആകെ | 33245 |

2018 എപ്രിൽ മുതൽ ആഗസ്ററ് മാസം വരെയുള്ള പാലളവിന് ആണ് മേൽ ഗുണഭോക്താക്കൾക്ക് അധികം സബ്സിഡി നൽകിയിരിക്കുന്നത്. എന്നാൽ തൊട്ടടുത്ത മാസത്തെ സബ്സിഡി വിതരണരേഖകൾ പ്രകാരം മേൽ ഗുണഭോക്താക്കൾക്ക് കൃത്യമായിട്ടാണ് സബ്സിഡി നൽകിയിരിക്കുന്നത്. ആയതിനാൽ സബ്സിഡി അധികം നൽകിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 33245/- രൂപാ തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 16/22-01-2020

നിരാകരിച്ച തുക - 33245/-

## 3-4 തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ അപാകതകൾ-2684/-രൂപ നിരാകരിക്കുന്നു

പ്രോജക്ട് - നം.7/19

ചെലവ്: 544985/- (ധന.കമ്മീ.ഗ്രാന്റ്)

:21000/- (തനത്ഫണ്ട്)

ബിൽനം: 15/30.07.18: 14835/-

ബിൽനം: 16/30.07.18: 45538/-

ബിൽനം: 20/12.09.18: 152194/-

ബിൽനം: 24/24.10.18: 24749/-

ബിൽനം: 27/24.10.18: 27000/-

ബിൽനം: 28/30.10.18: 83584/-

ബിൽനം: 39/18.01.19: 137757/-

ബിൽനം: 45/16.02.18: 59328/-

ചെക്ക് നം: 1574879/25.03.19: 21000/-

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ തെരുവ് വിളക്കുകളുടെ പരിപാലനം എന്ന പ്രോജക്ടിലെ അപാകതകൾ താഴെ പറയുന്നു.

1) തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പോസറ്റ് ഒന്നിന് 64/- രൂപ പ്രകാരം കരാർ ഏറ്റെടുത്ത രാജീവ്. എസ് എന്ന കരാറുകാരന് ക്വട്ടേഷൻ അംഗീകരിച്ച തീയതിയായ 22.06.18 മുതൽ 64/- രൂപ നൽകേണ്ടതിന് പകരം 68/- രൂപ പ്രകാരംതാഴെ പറയുന്ന തീയതികളിൽ തുക നൽകിയിട്ടുണ്ട്. (ബിൽനം: 16/30.07.18: 45538/-)

| വാർഡ് | പ്രവർത്തി നടത്തിയ തീയതി | പ്രവർത്തി നടത്തിയ പോസ്റ്റുകളുടെ എണ്ണം | പോസ്റ്റ് ഒന്നിന് നൽകിയ തുക (68/- രൂപ പ്രകാരം) | പോസ്റ്റ് ഒന്നിന് നൽകേണ്ട തുക (64/- രൂപ പ്രകാരം) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 4 | 26.06.18 | 100 | 6800 | 6400 | 400 |
| 8 | 14.07.18 | 32 | 2176 | 2048 | 128 |
| 9 | 23.06.18 | 36 | 2448 | 2304 | 144 |
| 13 | 12.07.18 | 15 | 1020 | 960 | 60 |
| 15 | 24.06.18,02.07.18 | 61 | 4148 | 3904 | 244 |
| 16 | 28.06.18 | 52 | 3536 | 3328 | 208 |
| ആകെ | | | 20128 | 18944 | 1184 |

2)തെരുവ് വിളക്കുക്ക് മെയിന്റനൻസ് പ്രവർത്തികൾ നടത്തുന്നതിന് സാധന സാമഗ്രികൾ കൊണ്ടുപോകുന്നതിന് ദിവസ വാഹന വാടക ഇനത്തിൽ 750/- രൂപ പ്രകാരം കരാർ ഏറ്റെടുത്ത അനിൽകുമാർ എന്ന കരാറുകാരന് ഒരു ദിവസം തന്നെ ഒന്നിൽ കൂടുതൽ വാഹന വാടക നൽകി. 18.09.18, 24.09.18 എന്നീ തീയതികളിൽ ആണ് ഇത്തരത്തിൽ തുക നൽകിയിട്ടുള്ളത് (ബിൽനം:27/24.10.18:27000/-)

ഖണ്ഡിക 1,2 പ്രകാരം 2684/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച 2684/-രൂപ നിരാകരിക്കുന്നു. എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരിക്കുന്ന തുക: 1184+1500=2684/-രൂപ

ഓഡിറ്റ് എൻക്വയറി നം. 19/23.01.2020

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.07.19 – 25.07.19 | കെ.എസ്.എ.കെ.എൽ.എം.പി6/111819 തീയതി 25.07.19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | അങ്കണവാടിപോഷകാഹാരം | 500000 | |
| | | 75000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 75000 | |
| | | 100000 | ആശ്രയ | | 100000 |

| | | | | | |
|---|---|---|---|---|---|
| | | 500000 | പാലിന് സബ്സിഡി | 500000 | |
| | | 51000 | നെൽകൃഷി വികസനം | 51000 | |
| | | 83538 | നെൽകൃഷി വികസനം | 83538 | |
| | | 684500 | ലൈഫ് ഭവന നിർമ്മാണം(GP) | 684500 | |
| | | 320000 | ലൈഫ് ഭവന നിർമ്മാണം(SCP) | 320000 | |
| | | 200000 | ലൈഫ് ഭവന നിർമ്മാണം(GP) | 200000 | |
| | | 200000 | ലൈഫ് ഭവന നിർമ്മാണം(SCP) | 200000 | |
| ജില്ലാപഞ്ചായത്ത് | 2018-19 | 382085 | ലൈഫ് ഭവന നിർമ്മാണം(GP) | 382085 | |
| | | 203274 | ലൈഫ് ഭവന നിർമ്മാണം(SCP) | 203274 | |
| | | 100000 | അങ്കണവാടിപോഷകാഹാരം | 100000 | |
| | | 30000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 30000 | |
| | | 45000 | ” | 45000 | |
| | | 600000 | അങ്കണവാടിപോഷകാഹാരം | 600000 | |
| | | 51000 | നെൽകൃഷി വികസനം | 51000 | |
| | | 83538 | നെൽകൃഷി വികസനം | 83538 | |
| | | 200000 | പാലിന് സബ്സിഡി | 200000 | |
| | | 128000 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 118000 | 10000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി 5/19 | പൈപ്പലൈൻ എക്സ്റ്റൻഷൻ | 41800146 | 1570000 | | 1570000 |
| 20/19 | പൈപ്പലൈൻ കണക്ഷൻ | 41800146 | 120000 | | 120000 |
| 34/19 | എൽ.പി സ്കൂൾ വാട്ടർ കണക്ഷൻ | 41800153 | 9800 | | 9800 |
| 129/19 | 12ാം വാർഡിൽ പൈപ്പലൈൻ എക്സ്റ്റൻഷൻ | | 418000 | | 418000 |
| 233/18-19 | ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി | | 99330 | | 99330 |
| KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ | 41800146 | 249747 | | 249747 |

| | | | | | |
|---|---|---|---|---|---|
| 6/19 | | | | | |
| 6/19 | | 401239604 | 249334 | 249334 | |
| 128/19 | പട്ടികജാതി കോളനിയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21900790 | 199119 | | 199119 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി 82/19 | ടാങ്ക് മാറ്റി സ്ഥാപിക്കൽ | | 165000 | 165000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6632955/- വരവുണ്ട് ആയതിൽ 6293142/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (കെ..യ.ആർ.ഡി.എഫ്.സി) | സ.ഉ.(എം.സ്)111/18/13.8.2018 | 6632955 | | | | 6632955 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12,960/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2011-12 | 3-2 | 12960/- | സൂസൻ മേരി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 118010101404 26.7.18 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 87435964.52 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 69535981 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 64462.3 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1867392 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

### (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8992 | ശ്രീമതി. അനുപമ പി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 19541.3 | ശ്രീമതി. അനുപമ പി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 33245 | ശ്രീമതി.ശശികല എസ്.കെ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-4 | | 2684 | അനൂപ് കുമാർ വി,സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 700000 | ശ്രീമതി.അപ്സര റ്റി,വെറ്റിനറി സർജൻ |
| 1-16 | 4130 | ശ്രീ.അനൂപ് കുമാർ വി,സെക്രട്ടറി |
| 1-19 | 25000 | ശ്രീ. ശ്രീജിത്ത് ,വി ഇ ഒ |
| 1-23 | 5358 | ഡോ.വിപിൻ എ,മെഡിക്കൽ ഓഫീസർ പി എച്ച് സി |
| 1-24 | 716449 | ശ്രീ.ബിനു പി എൽ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-26 | 43250 | ശ്രീ.അനൂപ് കുമാർ വി,സെക്രട്ടറി |
| 1-28 | 373205 | ശ്രീ.അനൂപ് കുമാർ വി,സെക്രട്ടറി |

### (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനുപമ പി ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | | പൗർണ്ണമി,<br>പോവ്വംകോണം,<br>എഴുകോൺ |
| ശ്രീമതി. ശശികല എസ്.കെ<br>ഡയറി ഫാം ഇൻസ്ട്രക്ടർ | | സായി നിവാസ്,<br>ഇരുമ്പനങ്ങാട് |
| ശ്രീ. അനൂപ് കുമാർ വി,സെക്രട്ടറി | | അമ്പാട്ട് വീട്, കൊല്ലൂർ ജം,<br>പട്ടാഴി പി ഒ |
| ശ്രീ. ശ്രീജിത്ത് ,വി ഇ ഒ | | ശ്രീനിലയം,ഇളവൂർ, പള്ളിമൺ പി ഒ |
| ശ്രീ. ബിനു പി എൽ,<br>അസിസ്റ്റന്റ് സെക്രട്ടറി | | പനവിള വീട്<br>ഇ.എസ്.എം കോളനി<br>കുളത്തൂപ്പുഴ |
| ശ്രീമതി. അപ്സര റ്റി,<br>വെറ്റിനറി സർജൻ | | തോട്ടത്തിൽ<br>പാരിപ്പള്ളി |
| ഡോ. വിപിൻ എ,<br>മെഡിക്കൽ ഓഫീസർ പി എച്ച് സി | | നന്ദനം<br>ജനകീയനഗർ 60എ<br>പട്ടത്താനം പി ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(1) തീയതി, 24.03.18 | 8 |
| 1998-99 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(2) തീയതി, 24.03.18 | 5 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(3) തീയതി, 24.03.18 | 4 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(4) | 4 |

| | | |
|---|---|---|
| | തീയതി, 24.03.18 | |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(5) തീയതി, 24.03.18 | 4 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(6) തീയതി, 24.03.18 | 9 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(7) തീയതി, 24.03.18 | 14 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(8) തീയതി, 24.03.18 | 7 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(9) തീയതി, 24.03.18 | 4 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം പി11/808/(1)19തീയതി, 12.06.19 | 11 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം പി11/808/(2)19തീയതി, 12.06.19 | 12 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം പി11/808/(3)19തീയതി, 12.06.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം പി11/808/(4)19തീയതി, 12.06.19 | 9 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം പി11/808/(5)19തീയതി, 12.06.19 | 5 |
| 2011-12 | എൽ.എഫ്.ക്യൂ.പി1-1313/14 തീയതി, 08.08.2014 | 8 |
| 2012-13 | എൽ.എഫ്.ക്യൂ.പി1-402/15, തീയതി, 9.11.15 | 6 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം- പി-6/1969/2017 തീയതി, 22-02-2018 | 18 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം-പി-6/1968/2017 തീയതി, 24-01-2018 | 9 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം. പി6-1083/2017 തീയതി, 01.01.2018 | 6 |
| 2017-18 | കെ..എസ് .എ.കെ.എൽ.എം.പി6/249/19തീയതി-30.4.2019 | എല്ലാ ഖണ്ഡികകളും |

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-കെ.എൽ.എം-പി.6-308/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –19.03.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19** ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

No.KSA-KLM-P6-308/2020 , Dated - 19.03.2019

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Pooyappally Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Pooyappally Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**

Kerala State Audit Department

District Office, Kollam

# അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം